GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**24-06-2021**

## കാർഷികവാർത്തകൾ

### 1. പശുഡയറിയൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക്ഷെഡ്ഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക്പശു ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണം തുടങ്ങി വൈവിധ്യങ്ങളായ പദ്ധതികൾക്ക് ധനസഹായത്തിന് പത്തനംതിട്ട ജില്ലയിൽ അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് ക്ഷീരവികസന ഓഫീസുകളുമായിബന്ധപ്പെടേണ്ടതാണ്.

### 2. അറിയിപ്പ്

വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

### ഓൺലൈൻ പരിശീലനങ്ങൾ

3. ക്ഷീരവികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് ഇന്ന് **ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ

മീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

**4.** തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

5. **ആലുവ മൃഗസംരക്ഷണ പരിശീലന** കേന്ദ്രത്തിൽ വച്ച് നാളെ (25 ന്) ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും എന്നീ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

6. **ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ** നേതൃത്വത്തിൽ ഇന്ന് രാവിലെ 11 മണി മുതൽ **വെർമി കമ്പോസ്റ്റ് – നിർമ്മാണം, വിപണനം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇന്ന് രാവിലെ 10.30 വരെ ഫോൺ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ വാട്സാപ്പുള്ള മൊബൈൽ

നമ്പർ കൂടി നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. 0476 2698550, 8075028868.

7. മുട്ടക്കോഴികുഞ്ഞുങ്ങളുടെ മഴക്കാല പരിപാലനം

- വിരിഞ്ഞിറങ്ങിയ കോഴിക്കുഞ്ഞുങ്ങൾക്ക് അഞ്ചാഴ്ച്ച വരെ ബ്രൂഡിംങ്ങ് ലഭ്യമാക്കുക.
- മുട്ടക്കോഴികളുടെ ഉൽപാദന മികവിന് പതിനാറു മണിക്കൂർ വെളിച്ചം ഉറപ്പാക്കണം. മഴക്കാലത്ത് പകൽ വെളിച്ചം കുറവായതിനാൽ ബൾബുപയോഗിച്ച് കൃത്രിമ വെളിച്ചം നൽകണം.
- തറവിരിപ്പിൽ വളർത്തുന്ന മുട്ടക്കോഴികൾക്ക് വിരിപ്പിന്റെ ഈർപ്പത്തിന്റെ അളവ് മുപ്പത് ശതമാനത്തിൽ കൂടാതെ ശ്രദ്ധിക്കണം. ഈർപ്പം ഉയരുന്നത് ന്യൂമോണിയ, കോക്സീഡിയോസിസ് തുടങ്ങിയ രോഗങ്ങൾ ഉണ്ടാകാൻ കാരണമാകും.

8. തിരുവനന്തപുരം ജില്ലയിലെ കർഷകർക്കായുള്ള കാർഷിക നിർദ്ദേശങ്ങൾ

- നെൽകൃഷിക്കാരുടെ ശ്രദ്ധയ്ക്ക് – ഈ മാസം ഞാറു പറിച്ചുനടീൽ പൂർത്തിയാക്കണം. നാടൻ ഇനങ്ങൾക്ക് ഏക്കൊന്നിന് 40 കിലോ ഫാക്ടം ഫോസ് 7 കിലോ പൊട്ടാഷ് 9 കിലോ യൂറിയ എന്നതോതിലും മുന്തിയ ഇനങ്ങൾക്ക് ഏക്കറൊന്നിന് 70 കിലോ ഫാക്ടം ഫോസ് 12 കിലോ പൊട്ടാഷ് 10 കിലോ യൂറിയ എന്ന അളവിലും അടി വളമായി നൽകണം.
- ചെന്നീരൊലിപ്പ് രോഗം തടയുവാനായി തെങ്ങിൻ തോപ്പുകളിൽ നീർവാർച്ച ഉറപ്പാക്കണം. രോഗം ബാധിച്ച ഭാഗങ്ങൾ മുറിച്ചുമാറ്റി പത്തുശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് തേയ്ക്കണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- കാൽസ്യത്തിന്റെ അഭാവത്തിൽ വാഴയിലകൾ കട്ടിക്കൂട്ടുകയും ഇടകലർന്ന പച്ചയും മഞ്ഞയും നിറങ്ങൾ ഉണ്ടാകുകയും ചെയ്യും. വാഴയൊന്നിന് ഒരു കിലോ കുമ്മായം നാലു തവണയായി നൽകാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം